# 58

ഒന്നുമില്ലായ്കയിൽ നിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ തൻെറ
പുത്രനെ തന്നു രക്ഷിച്ചു നീ

നിൻ മഹാ കൃപയ്ക്കായ്
നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും

1. ഈ ലോകത്തിൽ വന്നേശു എൻെറ
മാലൊഴിപ്പാൻ സഹിച്ച ബഹു
പീഢകൾ സങ്കടങ്ങൾ പങ്ക-
പ്പാടുകൾ നീച മരണവും    നിൻ

2. മോചനം വീണ്ടും ജനനവും
നീച പാപിയെന്നിൽ വസിപ്പാൻ
നിന്നാത്മാവിൻെറ ദാനവും നീ
തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും    നിൻ

3. അന്നവസ്ത്രാദി നന്മകളെ
എണ്ണമില്ലാതെന്മേൽ ചൊരിഞ്ഞു
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ
കൺമണി പോലെ കാക്കുന്നു നീ    നിൻ

4. നാശമില്ലാത്തവകാശവും
യേശുവിൻ ഭാഗ്യ സന്നിധിയും
നീതിയിൻ വാടാമുടിയതും
നിൻ മക്കൾക്കു സ്വർഗ്ഗേ ലഭിക്കും    നിൻ